# Rightclick



**LITTLE KITES DBHSS THACHAMPARA**

**HEAD MASTER : BENNY JOSE K**

**SITC : SURESH KC**

**KITE MISTRESS : REMY JOSEPH**

**KITE MASTER : JAYASANKAR A**

**KITE LEADER : ANANYA. K R**

**KITE LEADER : MUHAMMED ASLAM**

**EDITORIAL TEAM:-**

**1.SONA K DANIEL**

**2.MUHAMMED ASLAM**

**3.ANJANA. K**

**4.ANEESH**

**5.ANWER SADIQ**

**6.ATHULYA**

**7.NANDHANA KRISHNADAS**

**8.ABHIMANYA**

**9.NILA. K**

**10.ANUSREE**

**Type Setting, Design, Photos**
**by**
**Little Kites Team**

**DBHSS THACHAMPARA**
**REG. No.21080/2019**




# ആമുഖം

വായന എന്നാൽ നമ്മുടെ മനസ്സിൽ ആദ്യം വരുന്നത് പുസ്തകങ്ങളാണ്. ഈ യുഗത്തിൽ വായനയിൽ വരുന്ന മാറ്റങ്ങളും വായിക്കേണ്ടതുണ്ട്. ഈ ഡിജിറ്റൽ മാഗസിൻ അതിനൊരു പ്രേരണയാണ് എന്ന് കരുതുന്നു. ഇത് നല്ല രീതിയിൽ പൂർത്തീകരിക്കാൻ സഹായിച്ച എല്ലാ സന്മനസുകളെയും വളരെ സ്നേഹപൂർവ്വം ഓർത്തുകൊണ്ട്.....

ലിറ്റിൽ കൈറ്റ്സ്

ഡി ബി എച്ച് എസ് തച്ചമ്പാറ



ഡി ബി എച് എസ് തച്ചമ്പാറയിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു. പരിസ്ഥിതി സൗഹൃദപരമായ പുസ്തകപ്രസാധന മേഖലയിൽ ഡിജിറ്റൽ മാഗസീനുകൾക്കുള്ള പങ്കുപോലെതന്നെ മുഴുവൻ കുട്ടികളുടെയും സർഗാത്മകസമായ പങ്കാളിത്തം ഉറപ്പുവരുത്താനും ഇത് സഹായകമാണ്. ഈ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് പ്രഥമ സംരംഭമായ "റൈറ്റ് ടിക്ക്" എന്ന ഡിജിറ്റൽ മാഗസിൻ ഈ വിദ്യാലയത്തെ സാങ്കേതിക രംഗത്ത് ഒരുപടി ഉയർത്താൻ സഹായിക്കും. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സിനും അവർക്കു വേണ്ട നിർദേശങ്ങൾ നൽകിയ കൈറ്റ്മിസ്ട്രെസ്സിനും മാസ്റ്റർക്കും അഭിനന്ദനങ്ങൾ.

സ്നേഹപൂർവ്വം

ഹെഡ് മാസ്റ്റർ

ബെന്നി ജോസ് കെ



വളർന്നു വരുന്ന കുട്ടികളുടെ സർഗാത്മകത ഉണർത്തുന്നതിനും മാധ്യമ രംഗത്ത് ഇലക്ട്രോണിക്സിന്റെ സാദ്ധ്യതകൾ പരിപോഷിപ്പിക്കുന്നതിനും ദേശബന്ധു H S ലെ ലിറ്റിൽ കൈറ്റ്സ് ഐറ്റി ക്ലബ് നടത്തുന്ന പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. ഈ വർഷം ലിറ്റിൽ കൈറ്റ്സ് പ്രകാശനം ചെയ്യുന്ന ഡിജിറ്റൽ മാഗസിനും അതിനു നേതൃത്വം നൽകുന്ന കൈറ്റ് മിസ്ട്രസിനും മാസ്റ്റർക്കും പി ടി എ യുടെ എല്ലാവിധ ആശംസകളും നേരുന്നു.

പി ടി എ പ്രസിഡന്റ്

ശ്രീ രാമചന്ദ്രൻ

| ക്രമ നമ്പർ | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1 | ദേശബന്ധു ലിറ്റിൽ കൈറ്സ് യൂണിറ്റ് | 8 |
| 2 | IT FAIR | 9 |
| 3 | എന്റെ 'അമ്മ സ്മാർട്ടമ്മ | 10 |
| 4 | ജില്ലാ കലോത്സവം | 14 |
| 5 | ഓണാഘോഷം | 14 |
| 6 | എന്റെ വിദ്യാലയം. കവിത | 17 |
| 7 | പ്രകൃതി സൗധര്യ താളം കവിത | 18 |
| 8 | അമ്മ കവിത | 19 |
| 9 | മഴവില്ല് | 20 |
| 10 | 'മാറുന്ന ഗ്രാമം കവിത | 21 |
| 11 | ഭൂമിയോടായി കവിത | 22 |
| 12 | പ്രകൃതി കവിത | 25 |
| 13 | എന്റെ വിദ്യാലയം | 26 |
| 14 | പൂന്തോട്ടം കവിത | 27 |
| 15 | കുറുക്കന്റെ അടവ് | 28 |
| 16 | പൊൻപ്രഭാതം | 29 |
| 17 | സ്വതന്ത്രം | 30 |
| 18 | SCOUT AND GUIDE | 31 |
| 19 | RED CROSS | 32 |
| 20 | NCC | 33 |
| 21 | വഞ്ചിപാട്ട് | 34 |
| 22 | പെൻസിൽ ഡ്രോയിങ് | 35 |

# ദേശബന്ധു ലിറ്റിൽ കൈറ്റ് യൂണിറ്റ്

തച്ചമ്പാറ ദേശബന്ധു ഹൈസ്കൂളിൽ2019 ജനുവരിയിൽ LITTLE KITEs എന്ന പേരിൽ ഒരു IT club ബഹുമാനപ്പെട്ട ഹെഡ്മാസ്റ്റർ ശ്രി. BENNY MASTER ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചു . IT യിൽ കുട്ടികളെ കൂടുതൽ പ്രാവീണ്യം ഉള്ളവരാക്കി മാറുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. എട്ടാം ക്ലാസിലെ കുട്ടികളിൽ നിന്നാണ് selection നടക്കുന്നത് . ഒരു ബാച്ചിൽ പരമാവധി 40 കുട്ടിക്കാണ് അവസരം ലഭിക്കുന്നത്. KITE MASTER ആയി ശ്രി . ജയശങ്കർ മാസ്റ്ററും KITE MISTRESS ആയി ശ്രീമതി. റെമി ടീച്ചറും പ്രവർത്തിച്ചു വരുന്നു



# IT fair

IT quiz , Programming, Animation,Malayalam typing, Digital painting തുടങ്ങിയ ഇനങ്ങളില് sub district level ല് പങ്കെടുക്കുകയും IT quiz ,Programming,എന്നീ ഇനങ്ങളില് സമ്മാനം നേടുകയും **Programming district level ല് പങ്കെടുക്കാൻ അര്ഹത നേടി.**




# എന്റെ അമ്മ സ്മാർട്ടമ്മ

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി തച്ചമ്പാറ LITTLE KITEs യൂണിറ്റിന്റെ നേതൃത്വത്തിൽ അമ്മമാരെ smart ആക്കുക എന്ന ഉദ്ദേശത്തോടുകൂടി അമ്മമാർക്കായി "എന്റെ അമ്മ സ്മാർട്ടമ്മ" എന്ന പദ്ധതിക്ക് തുടക്കം കുറിച്ചു. വീട്ടിൽ ലഭ്യമായ ഹൈടെക്ക് ഉപകരണങ്ങൾ ഉപയോഗിച്ച് കുട്ടികളുടെ പഠന പ്രവർത്തനങ്ങളിൽ അവരെ സഹായിക്കുവാൻ അമ്മമാരെ പ്രാപ്തമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഏകദേശം 41 അമ്മമാർ ആദ്യ ഘട്ടത്തിൽ പങ്കെടുത്തു. QR code scanning ,samagra site ഉപയോഗം victors channel, cyber സുരക്ഷിതമായ മേഖലകളിൽ പരിശീലനം നൽകി .

ബഹുമാനപ്പെട്ട H M ബെന്നി മാസ്റ്റർ അധ്യക്ഷത വഹിച്ച യോഗത്തിൽ P T A പ്രസിഡന്റ് ശ്രീ രാമചന്ദ്രൻ പദ്ധതി ഉത്ഘാടനം ചെയ്തു. ലിറ്റിൽ കൈറ്റസ് ഇൻചാർജ് ശ്രീ ജയശങ്കർ മാസ്റ്റർ യോഗത്തിൽ സ്വാഗതം പറഞ്ഞു.MPTA പ്രസിഡന്റ് ശ്രീമതി രമാദേവി, S I T C സുരേഷ് മാസ്റ്റർ എന്നിവർ ആശംസകൾ നേർന്നു. ലിറ്റിൽ കൈറ്റ്സ് ഇൻചാർജ് ശ്രീമതി റിമി ടീച്ചർ നന്ദി പറഞ്ഞു.

√ Right click






Rb Sr Y Zr Nb Mo
Cs Ba Hf Ta W Re Os Ir Pt Au Hg
Rf Db Sg Bh Hs Mt Uun Uuu Uub
Tl Pb Uuq
F. BLOCK
La Ce Pr Nd Pm Sm Eu Gd Tb Dy Ho Er
Ac Th Pa U Np Pu Am Cm Bk Cf Es Fm

√ Right click



√ Right click

## ജില്ല കലോത്സവം 2019

ദേശബന്ധുവിൽ നാല് ദിവസം നീണ്ടുനിന്ന ജില്ല കലോത്സവം നടന്നപ്പോൾ ,13 സ്റ്റേജുകളിലെയും പ്രോഗ്രാം എല്ലാ ദിവസവും ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ സഹായത്തോടുകൂടി webcam ഉപയോഗിച്ച് record ചെയ്തു.




# ഓണം 2019

ഓണാഘോഷത്തിന്റെ ഭാഗമായി ദേശബന്ധു ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കായി ഡിജിറ്റൽ പൂക്കളമത്സരം നടത്തി. വിജയികൾക്ക് സമ്മാനം വിതരണം ചെയ്തു.



√ Right click



Little kites dbhs thachampara

# എന്റെ വിദ്യാലയം

തിങ്കളും താരങ്ങളും ളുവെള്ളക്കതിർ ചിന്നും

ളുംഗമാം വാനിൻ ചോട്ടിലാണെൻ  വിദ്യാലയം

ഇന്നലെകണ്ണീർ വാർത്തു കരഞ്ഞ കരിവാന

വിന്നതാ ചിരിക്കുന്നൂ പാലൊളി  വിതറുന്നു

മുൾച്ചടിത്തലപ്പത്തും പൂരിവിരിയാറൂ

ണെച്ചറൂപ്പോഞ്ഞപ്പെല പനിനീത്രൂരയ് ക്കുന്നൂ

മധുവിൻ മഞ്ഞാൻപ്പാറിമുളൂന്നൂ മധുപങ്ങൾ

മധുരമീജിവിതം ചെറുതാണെന്നാകിലും

പരർതൻ കഷ്ടപ്പാടു പേറുമക്കല്ലത്താണി

പറവൂ മഹത്തത്തീം പരസേവനം കാരീം

ആരല്ലെൻ ഉരുനാഥരാരല്ലെൻ ഉരുനാഥൻ?

പാരിതിലെല്ലാമെന്നെ    പഠിപ്പിക്കുന്നുണ്ട്ന്നോ!

# <u>പ്രകൃതി  സൗന്ദര്യ താളം</u>

*ആകാശത്തമ്പിളി വെട്ടം*
*ആഘോഷതിരകൾക്കൊപ്പം*
*ആരോഹണമെഴുതുന്ന ആത്മീയ സദസ്സിൻെറ*
*ആവരണകുറികൾക്കൊപ്പം*
*ആലിംഗനം ചെയ്ത പുഷ്ങ്ങളോരോന്നും*
*ആദിത്യനാളങ്ങൾ ക്കൊപ്പം*
*പൂവിൻെറ  ഐശ്വര്യം ചാർത്തുന്ന മാലകളാ ചന്ദ്രന്റെ*
*ഈണങ്ങൾക്കൊപ്പം*
*കാലങ്ങൾ കാണുന്ന കാണാ കിനാക്കളിൽ*
*കാർമേഘം കൈയൊന്നു  നീട്ടി.*

*By*
***Athulya***

# അമ്മ

പുഞ്ചിരി ളുകുന്ന മനസ്സുമായമ്മ

നെഞ്ചിലെ ദുഃഖം മനസ്സിലൊളിപ്പിച്ച്

എന്നും തണലായ് പൊന്നമ്മ

മുറ്റത്തെ മുല്ലയെ കാണാനേറെ

കൊതിക്കുമെന്നമ്മയെക്കാണാൻ

വീട്ടിലെ വിളക്കായ്

തിളങ്ങുമെന്നമ്മ

ജീവിത സൗഭാഗ്യമമ്മ

എന്റെ പ്രാണനായെന്നും അമ്മ

ജന്മം തന്നിട്ടമ്മയെൻ

ദൈവം

# മഴവില്ല്

വാർമഴവില്ലേ വാർമഴവില്ലേ

പോരുന്നോ കൂടെ നീ

വർണ്ണ നിറങ്ങൾ വാർത്തുന്ന

പൊന്നു മഴവില്ലേ........

തന്നെ ഇരുന്നു മുഷിക്കില്ലേ

പോരുന്നോ നീ എന്റെ കൂടെ

ആരു നിനക്കീ നിറമേകി

ആകാശത്തിൻ രാജാവേ

എങ്ങു നീ മായുന്നു

നിന്നെ കാണുമ്പോൾ

എൻ മനമിളകുന്നു.മുത്തേ

നീ മായുമ്പോൾ എൻ

കരളുരുകുന്നു പൊന്നേ

# മാറുന്ന ഗ്രാമം

മലകളും പുഴകളും
പാടങ്ങളും വൃക്ഷങ്ങളും
ചിരിച്ചു  നിന്നൊരു ഗ്രാമത്തിൽ
കാളവണ്ടിയും കുതിരവണ്ടിയും
മാറിക്കഴിഞ്ഞു കൂട്ടുകാരെ
കിളികളുടെ ഗാനത്തിൽ
പുളകമണിഞ്ഞിരുന്ന ഈ
സുന്ദര ഗ്രാമത്തിൽ
യന്ത്രഞരക്കവും ശകാരവങ്ങളും
കേട്ടുമടുക്കുന്നു ഞങ്ങളിപ്പോൾ
പാടങ്ങള പ്രതൃക്ഷമായി
വൃക്ഷങ്ങളും കാണാനില്ലല്ലോ
സുന്ദരശൈലങ്ങളുടേ സ്ഥാനത്തിൽ
കൂറ്റൻ കെട്ടിടങ്ങൾ മാത്രമാണ്
വയലുകളും പുഴകളും
ചിരിച്ചാർത്തുനിന്നെരു ഗ്രാമത്തേ
നശിപ്പിക്കാനെത്തിയ വികസനത്തെ
നിങ്ങളൊന്ന് സൂക്ഷിച്ചോളൂ......

-അനന്യ കെ. ആർ

# ഭൂമിയോടായി....

കാർമേഘമായി ഇരുണ്ടു കിടന്നയെൻ
മനസ്സിൽ ചില നിറപ്പാടുകൾ പുനർജനിച്ചു
അവനോടുള്ള പ്രണയത്തുള്ളികൾ
മനസ്സിൽ ഞാൻ കൂട്ടിവച്ചു
ഒരുനാൾ പറയേണം എന്നു കരുതി ഞാൻ
ആയിരം കിനാവുകൾ ചേർത്ത് പിടിച്ചു.
അകലം കൂടുതലായിരുന്നെങ്കിലും അരികത്തായി
നിന്നെ ഞാൻ ചേർത്തു വെച്ചു
പറയാൻ തുടിച്ചാ നേരത്തു നിൻ
പ്രണയ മിഴികൾ സൂര്യനെ കണ്ടു
ഹൃദയം പൊടിയുന്ന വേദനയിൽ എൻ
പ്രണയത്തുള്ളികൾ വിരഹഭാവമണിഞ്ഞു
നിന്നിൽ പതിച്ചു.
ഓരോ തുള്ളിയും നിറഞ്ഞൊരാ പ്രണയം
രൂപം കൊണ്ടു.

Little kites dbhs thachampara

# പ്രകൃതി

മുലയൂട്ടി ആത്മാവിൻ ജീവൻ പകരുന്നവളാണ്
അമ്മയെങ്കിൽ

മഴനീര് തന്നെന്നിൽ ജീവൻ പകർന്നവൾ നീ ...

മടിത്തട്ടിലിട്ടിട്ടു താരാട്ടു പാട്ടുമായ് ആലോലം

ചൊല്ലുന്നതമ്മയെങ്കിൽ

വസന്തം നിർത്തിയെൻ മേനിക്കു ലോലമാം

തൊട്ടിൽ വിരിച്ചവൾ നീ...

അമ്പിളിമാമനെ കാട്ടിയെൻ പശി കുട്ടി മാമു

തരുന്നതാണമ്മയെങ്കിൽ

പാലും പഴങ്ങളും പിന്നെ മത്സ്യമാംസാദിയും

ഊട്ടിയെന്നുള്ളം നിറപ്പവൾ നീ

ചന്തത്തിലെന്നെ ഒരുക്കി ആ ഒക്കത്തു

കൊണ്ടു നടന്നവൾ അമ്മയെങ്കിൽ

എന്നും കനിഞ്ഞെന്നുമെനിക്കായി മാത്രം

നിലകൊണ്ടവൾ നീ...

സ്നേഹമതെന്തെന്നു ചൊന്നവൾ നീയെങ്കിൽ

നീയാണെന്നമ്മയെൻ പ്രകൃതീശ്വരി

# എൻെറ വിദ്യാലയം

*തിങ്കളും താരങ്ങളും തൂവള്ളിക്കതിർ ചിന്നും*

*തുംഗമാം വാനിൻചോട്ടിലാണെൻ്റ വിദ്യാലയം*

*ഇന്നലെ കണ്ണീർവാർത്ത കരഞ്ഞ കരിവാന-*

*മിന്നതാ ചിരിക്കുന്നു,പാലൊളി ചിതറുന്നു*

*"മുൾച്ചെടിത്തലപ്പത്തും പുഞ്ചിരിവിരിയാറു "*

*ണ്ടച്ചെറുപൂന്തോപ്പിലെപ്പനീരുരയ്ക്കുന്നു.*

*മധുവിൻ മത്താൽപ്പാറി മൂളുന്ന മധുപങ്ങൾ:*

*"മധുരമിജ്ജീവിതം ചെറുതാണെന്നാകിലും."*

*പരർതൻ കഷ്ട്പ്പാടു പേറുമക്കല്ലത്താണി*

*പറവൂമഹത്തത്ത്വം: "പരസേവനം കാര്യം"*

*ആരല്ലെൻ ഗുരുനാഥ,രാരല്ലെൻ ഗുരുനാഥർ?*

*പാരിതിലെല്ലാമെന്നെ പഠിപ്പിക്കുന്നുണ്ടേന്തോ!*

*(ജാലകപ്പക്ഷി)* *- ഒളപ്പമണ്ണ*

*By*

*Abhimanya.p23*

# പൂന്തോട്ടം

സ്കൂളിൽ മുറ്റത്തുണ്ടല്ലോ

സുന്ദരമായൊരു പൂന്തോട്ടം

ചെത്തി, ജമന്തി, നന്ദിയാർവട്ടം

തുമ്പ, തുളസി, തിരുതാളി

വണ്ടുവരുന്നു കിളികൾ പറന്നു

പൂമണമുള്ളൊരു പൂന്തോട്ടം

ചിരിമണി വിതറി കാറ്റു വരുന്നു

പൂമണമൂറ്റി എടുക്കാനായ്

കലപില കലപില കുട്ടികളോടി

തൊടിയിൻ ഉത്സവമായല്ലോ.....

# കുറുക്കന്റെ അടവ്

വാലുമുറിഞ്ഞ കുറുക്കച്ചൻ

ചേലുനടിച്ചു നടപ്പായി

ഏതോ ചുണയതുവന്നതു പോൽ

സന്തോഷിച്ചു നടപ്പായി

നാണക്കേടു മറച്ചീടാൻ

നാട്ടുവിശേഷം ചോദിച്ച്

കണ്ടവരോടവനരിയാടി

തണ്ടുനടിച്ചു നടപ്പായി

"വാലുമുറിഞ്ഞാലെന്തുരസം

മേലുകുളിർന്നാലെന്തുസുഖം"

നാട്ടാരോടിതുചൊല്ലായി

നാണക്കേടിനുമറയായി

- അഞ്ചന. കെ

# പൊൻപ്രഭാതം

സൂര്യോദയം അരുണനെ കാണുവാൻ നേരമായി

മലകൾക്കിടയിലും  വാർന്നുവീഴും

മഞ്ഞുകൾക്കും തെളിമയായി

പകലൊളിപ്പാട്ടുമായി പല പല കിളികളും....

പാരിടമെങ്ങും കളിയ്ക്കുന്ന തുമ്പിയുംവരവായ്

വാനിലേക്കാഹാ മനോഹരം

ചിരിയോടെ പൂക്കളും പൊൻപ്രഭാതം....!

Anjana k

9.f

# സ്വാതന്ത്ര്യം

അതിരുകളിലുളില്ലാത്ത ആഹ്ളാദമാണോ
തമസ്സകറ്റുന്ന ഉഷസ്സാണോ
നിലാവാകുന്ന അരുണകിരണങ്ങളാണോ
വരണ്ട മണ്ണിനെ ഉണർത്തുന്ന പുതുമാരിയോ
പലരുടെയും ഉറക്കം കെടുത്തിയ സ്വപ്നമാണോ
സ്വപ്നസാക്ഷാൽക്കാരത്തിൻെറ പ്രയത്നമാണോ
പ്രാർത്ഥനയാണോ പ്രതീക്ഷയാണോ
സ്വാതന്ത്ര്യം!......
പ്രതീക്ഷ നൽകുന്നൊരു ചെറു വാക്കല്ല
പ്രതികാരത്തിൻെറ തീവ്രഭാവമാണ്
നിരാശയേറിയ മുഖമല്ല
നിത്യ പ്രയത്നത്തിൻെറ ഉൾവിളിയാണ്
തിരിച്ചറിവിൻെറ കാലം മാത്രമല്ല
തിരിച്ചടിയുടെ കാലമാണ്
സ്വാതന്ത്ര്യം!....

√ Right click

**രാജ്യപുരസ്കാർ നേടിയ അംഗങ്ങൾ**



**ദുരിതാശ്വാസ പ്രവർത്തനത്തിൽ നിന്ന്**




*ഗാന്ധിജയന്തി ദിനത്തിൽ പരിസര ശുചീകരണപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന*

*RED CROSS അംഗങ്ങൾ*

√ Right click





## ദേശബന്ധു NCC പരേഡിൽ നിന്ന്





സംസ്ഥാനതലത്തിൽ  നേടിയ ദേബന്ധു വഞ്ചിപ്പാട്ട് ടീം

**പെൻസിൽ ഡ്രോയിങ്ങിൽ സംസ്ഥാന തലത്തിൽ എ ഗ്രേഡ് നേടിയ ഡി ബി എച്ച് എസ് ലെ ഷഹൽ ഫറാസ്**



√ Right click

